ഭരണഭാഷ മാതൃഭാഷ

എച്.3/45745/2013/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,തിരുവനന്തപുരം
തീയതി 5-12-2013

സർക്കുലർ

വിഷയം:-പൊതുവിദ്യാഭ്യാസം-ഓറിയന്റൽസ്കൂളുകളിലെ മലയാളഭാഷാ പഠനം -സംബന്ധിച്ച്

സൂചന:- 1. 1-9-11ലെ സ.ഉ(പി)നം183/2011 പൊ.വി.നം.ഉത്തരവ്
2. 18-10-13-ലെ 42043/എസ്.1/13 പൊ.വി.നം.സർക്കാർ കത്ത്

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് സൂചന(1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ അറബിക്/സംസ്കൃത ഓറിയന്റൽ സ്കൂളുകളിൽ ഒന്നാംഭാഷയുടെ പാർട് 2-ൽ മലയാളംകൂടി പഠിപ്പിക്കണമെന്നുള്ളതായിരുന്നു നിർദേശം.(പാർട് 2-ലെ പേപ്പർ 1 എന്നുള്ളത് അറബിക്/സംസ്കൃതം, പേപ്പർ 2 എന്നുള്ളത് മലയാളം) ഈ രീതി തുടർന്നപ്പോൾ ഓറിയന്റൽ സ്കൂളുകളിൽ വിവരസാങ്കേതികവിദ്യ ഉൾപ്പെടെ പതിനൊന്ന് വിഷയങ്ങൾ പഠിപ്പിക്കേണ്ടതായി വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും സൂചന (2) പ്രകാരം അറബിക്/സംസ്കൃത ഓറിയന്റൽ സ്കൂളുകളിൽ ഒന്നാം ഭാഷയുടെ ഒന്നാം പേപ്പർ സംസ്കൃതം/അറബിക് എന്നിങ്ങനെയും രണ്ടാം പേപ്പർ പൂർണമായും മലയാളം പഠിപ്പിക്കണം എന്നും നിർദേശം നൽകിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സൂചന(2) നടപ്പിലാക്കുന്നതിന് താങ്കളുടെ ജില്ലയിലെ എല്ലാ ഓറിയന്റൽ സ്കൂളുകൾക്കും നിർദേശം നൽകണമെന്നറിയിക്കുന്നതിനോടൊപ്പം ആയതിന്റെപുരോഗതി റിപ്പോർട്ടും ലഭ്യമാക്കണമെന്നുകൂടി അറിയിക്കുന്നു.

പൊതുവിദ്യാഭ്യാസഡയറക്ടർക്കുവേണ്ടി

പകർപ്പ്

1 എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2 ജില്ലാ വിദ്യാഭ്യാസആഫീസർമാർക്കും ഉപജില്ലാ വിദ്യാഭ്യാസആഫീസർമാർക്കും

എകെവി.7.-12-13

// TRUE COPY //